# കേരള സർവകലാശാല

നം.പി.ആർ.97/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പണമൊടുക്കുന്നതിന് 'വെർച്ചൽ ടോക്കൺ' സമ്പ്രദായം

സർവകലാശാലയുടെ ആലപ്പുഴ, കാര്യവട്ടം, പാളയം കാമ്പസുകളിൽ പ്രവർത്തിക്കുന്ന ക്യാഷ് കൗണ്ടറുകളിൽ, ഓൺലൈൻ വഴി പണം അടയ്ക്കുവാൻ ബുദ്ധിമുട്ടുള്ളവർക്കായി, പണമൊടുക്കുവാൻ 'വെർച്ചൽ ടോക്കൺ' സമ്പ്രദായം നടപ്പിലാക്കി.

പരീക്ഷകളുടെ ഒഴികെ മറ്റു ഫീസ് ഇനങ്ങൾ തലേദിവസം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് അടുത്ത പ്രവൃത്തി ദിനത്തിൽ രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1 മണി വരെ തെരഞ്ഞെടുത്ത കൗണ്ടറിൽ നേരിട്ട് അടയ്ക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് www.keralauniversity.ac.in, http://pay.keralauniversity.ac.in സന്ദർശിക്കുക. പരീക്ഷാഫീസ് ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ ഓൺലൈൻ വഴി തുടർന്നും അടയ്ക്കണം. സർവകലാശാലയുടെ പഠനവകുപ്പുകളും അഫിലിയേറ്റഡ് കോളേജുകളും ഇതിൽ രജിസ്റ്റർ ചെയ്യേണ്ടതില്ല.

### പരീക്ഷാഫീസ്

2020 ജൂണിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.എച്ച്.എം.സി.ടി റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, മേഴ്സിചാൻസ് പരീക്ഷകൾക്ക് പിഴകൂടാതെ ജൂൺ 8 വരെയും പിഴയോടെ ജൂൺ 10 വരെയും അധികപിഴയോടെ ജൂൺ 12 വരെയും അപക്ഷിക്കാം.

### പരീക്ഷാകേന്ദ്രം

ജൂൺ 8 ന് ആരംഭിക്കുന്ന വിദൂരവിദ്യാഭ്യാസ ബി.എ കോഴ്സ് അഞ്ചും ആറും സെമസ്റ്റർ പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റമുണ്ട്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ജൂൺ 8 ന് ആരംഭിക്കുന്ന വിദൂരവിദ്യാഭ്യാസം ബി.എ കോഴ്സ് അഞ്ചും ആറും സെമസ്റ്റർ പരീക്ഷയ്ക്ക് ഗവ.കോളേജ്, ആറ്റിങ്ങൽ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ജോൺ കോക്സ് മെമ്മോറിയൽ കോളേജ്, കുമാരപുരത്ത് പരീക്ഷ എഴുതേണ്ടതാണ്. മറ്റു പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റമില്ല.

2020 ജൂൺ 8 ന് ആരംഭിക്കുന്ന (വിദൂരവിദ്യാഭ്യാസ കേന്ദ്രം) ബി.എ ബിരുദ അഞ്ചും ആറും സെമസ്റ്റർ (2017 അഡ്മിഷൻ) പരീക്ഷകൾക്ക് യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, എം.ജി കോളേജ്, തിരുവനന്തപുരം, എസ്.എൻ.കോളേജ്, വർക്കല എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തും ഗവ. കോളേജ്, നെടുമങ്ങാട്, ഗവ.ആർട്സ് കോളേജ്, തിരുവനന്തപുരം, ക്രിസ്റ്റ്യൻ കോളേജ്, കാട്ടാക്കട, വി.ടി.എം.എൻ.എസ്.എസ് കോളേജ്, ധനുവച്ചപുരം, ഗവ.കോളേജ്, ആറ്റിങ്ങൽ എന്നിവ പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ജോൺ കോക്സ് മെമ്മോറിയൽ കോളേജ്, കണ്ണമ്മൂല യിലും ടി.കെ.എം.കോളേജ്, കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കർമലറാണി ട്രെയിനിംഗ് കോളേജ്, കൊല്ലത്തും സെന്റ്.ജോൺസ് കോളേജ്, അഞ്ചൽ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ യു.ഐ.എം.പുനലൂരും എസ്.ജി കോളേജ്, കൊട്ടാരക്കര പരീക്ഷാകേ ന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കെ.യു.സി.റ്റി.ഇ.ഗവ.എച്ച്.എസ് കുളക്കട, കൊല്ലത്തും എസ്. എൻ കോളേജ്, കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കെ.യു.സി.റ്റി.ഇ.ഗവ.എച്ച്. എസ്. ഫോർ ബോയ്സ്, തേവള്ളി, കൊല്ലത്തും എം.എസ്.എം കോളേജ്, കായംകുളം പരീക്ഷാകേ ന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കെ.യു.സി.റ്റി.ഇ.ഗവ.എച്ച്.എസ് ഫോർ ബോയ്സ്, കായംകു ളത്തും എസ്.ഡി കോളേജ്, ആലപ്പുഴ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ശ്രീബുദ്ധ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാറ്റൂർ, നൂറനാടും എസ്.ഡി.ഇ പാളയം/കാര്യവട്ടം കാമ്പസ് പരീ ക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കെ.യു.സി.റ്റി.ഇ കുമാരപുരത്തും പരീക്ഷ എഴുതേണ്ട താണ്. വിദ്യാർത്ഥികൾക്ക് ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## ടൈംടേബിൾ

ലോക്ഡൗൺ മൂലം നിറുത്തിവെച്ചിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്/സി.ആർ – സി.ബി. സി.എസ് ബി.എ/ബി.കോം/ബി.സി.എ/ബിഎസ്.ഡബ്ല്യൂ/ബി.വോക്/ബി.ബി.എ/ബി.പി.എ പരീക്ഷ കൾ ജൂൺ 15 മുതൽ അതതു കേന്ദ്രങ്ങളിൽ പുനഃരാരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ പിന്നീട് അറിയിക്കുന്നതാണ്.

## പരീക്ഷാഫലം

നാലാം സെമസ്റ്റർ ബി.എസ്.സി ഇലക്ട്രോണിക്സ് (റീസ്ട്രക്ചേർഡ്) (മേഴ്സിചാൻസ് 2008 അഡ്മിഷൻ വരെ) (2005 സ്കീം) മാർച്ച് 2019 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയ ത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2020 ജൂൺ 20 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം**
05.06.2020

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**